(ഇ) കാരുണ്യ ഫാർമസികൾവഴി 2015 വർഷം നാളിതുവരെ എത്ര ഇനം മരുന്നുകൾ വിപണനം നടത്തി എന്നും 2011-12 മുതൽ 2014 ഡിസംബർവരെ ഓരോ വർഷവും എത്ര ഇനം മരുന്നുകൾ വിപണനം നടത്തി എന്നും, പ്രസ്തുത മരുന്നുകൾ കാരുണ്യ ഫാർമസികൾക്ക് വിതരണം ചെയ്തത് ആരെല്ലാം എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി & ഡി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുവിതരണം ചെയ്യുന്നില്ല. മറിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെകീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ മരുന്നുകൾ സംഭരിക്കുന്നത് മരുന്നുവിതരണക്കാരിൽ നിന്നും നേരിട്ടുള്ള വിലപേശലിലൂടെയാണ്.

(ഇ) അനുബന്ധം II ആയി ചേർക്കുന്നു.*

കാരുണ്യ ഫാർമസികൾ

101 (2310) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത ഫാർമസികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ഫാർമസികൾ കമ്പനികളിൽനിന്നും നേരിട്ടുമരുന്നുവാങ്ങുമ്പോൾ ഏതുകമ്പനിയിൽനിന്നുംമരുന്നു വാങ്ങണം എന്നു തീരുമാനിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത് ;

(ഡി) പ്രസ്തുത ഫാർമസികൾ എത്ര കമ്പനികളിൽനിന്നും നേരിട്ട്മരുന്നു വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓരോ കമ്പനിയിൽ നിന്നും പ്രസ്തുത ഫാർമസികൾ 2014-15 സാമ്പത്തിക വർഷത്തിൽ എത തുകയ്ക്കുള്ള മരുന്നുകൾ നേരിട്ട് വാങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെകീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. സാമൂഹികാരോഗ്യ കേന്ദ്രം, കല്ലറ
3. ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര
4. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ഹരിപ്പാട്
5. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
6. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
7. ജില്ലാ ആശുപത്രി, കോട്ടയം
8. ജില്ലാ ആശുപത്രി, കണ്ണൂർ
9. മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
10. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
11. ജില്ലാ ആശുപത്രി, പാലക്കാട്
12. ജില്ലാ ആശുപത്രി, വടകര
13. ഗവ. വിക്ടോറിയാ ആശുപത്രി, കൊല്ലം
14. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര
15. ജില്ലാ ആശുപത്രി, എറണാകുളം
16. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചെങ്ങന്നൂർ
17. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല
18. ബീച്ച് ആശുപത്രി, കോഴിക്കോട്
19. ജില്ലാ ആശുപത്രി, തിരൂർ
20. ജനറൽ ആശുപത്രി, അടൂർ

LIBRARY ARCHIVES Kerala Legislative Assembly

21. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം
22. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി
23. ജില്ലാ ആശുപത്രി, മാനന്തവാടി
24. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻബത്തേരി
25. മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി
26. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം
27. ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്
28. ജനറൽ ആശുപത്രി, കാസർഗോഡ്
29. ജനറൽ ആശുപത്രി, ആലപ്പുഴ
30. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
31. ജനറൽ ആശുപത്രി, പാല
32. പമ്പ (മണ്ഡലകാലത്തുമാത്രം)
33. സന്നിധാനം (മണ്ഡലകാലത്തു മാത്രം)

(ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലേയ്ക്കാവശ്യമായ മരുന്നുസംഭരിക്കുന്നത് മരുന്ന കമ്പനികളിൽനിന്ന് നേരിട്ടുള്ള വിലപേശലിലൂടെയാണ്. പ്രസ്തുത ഫാർമസികൾക്കാവശ്യമായ മരുന്നുകൾ 45 ദിവസത്തെ ക്രെഡിറ്റ് എന്നുള്ള രീതിയിലാണ് സംഭരിക്കുന്നത്. മാത്രമല്ല പ്രസ്തുത മരുന്നുകൾ 90 ദിവസത്തിനകം വിറ്റുതീർന്നില്ലായെങ്കിൽ അവ അതാതു കമ്പനികൾ തന്നെ തിരിച്ചെടുത്തുകൊള്ളണമെന്ന വ്യവസ്ഥയോടെയാണ് ഇപ്രകാരം മരുന്നുകൾ സംഭരിക്കുന്നത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾക്കാവശ്യമായ മരുന്നുകൾ സംഭരിക്കുന്നത് സർക്കാർ അംഗീകരിച്ചിട്ടുള്ള പർച്ചേസ് കമ്മിറ്റി, വിലപേശൽ കമ്മിറ്റി, വില അംഗീകാര കമ്മിറ്റി എന്നീ മൂന്ന് തലങ്ങളിലുള്ള കമ്മിറ്റികളുടെ അംഗീകാരത്തോടെയാണ്.

(സി) ഏതു കമ്പനിയിൽനിന്നും മരുന്നുവാങ്ങണം എന്ന് തീരുമാനിക്കുവാനുള്ള അധികാരം പർച്ചേസ് കമ്മിറ്റി, വിലപേശൽ കമ്മിറ്റി, വില അംഗീകാര കമ്മിറ്റി എന്നീ മൂന്ന് കമ്മിറ്റികൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ 250 കമ്പനികളിൽ നിന്നും നേരിട്ടു മരുന്നു വാങ്ങുന്നുണ്ട്. കമ്പനിയുടെ പേരു വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ഇ) വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

നിരോധിത മരുന്നുകളുടെ വിൽപ്പന

102 (2311) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരോധിത മരുന്നുകൾ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും പഠനമോ അന്വേഷണമോ നടത്തിയിട്ടുണ്ടോ ;

(സി) നിരോധിച്ച മരുന്നുകളുടെ പട്ടിക വെളിപ്പെടുത്താമോ?

(ഡ) ഇത്തരം മരുന്നുകളുടെ വില്പന തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നുകൾ നിരോധിയ്ക്കുന്നതിനുള്ള പരമാധികാരം ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ) യ്ക്കാണ്.

(സി) നിരോധിച്ച മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ഒരു മരുന്ന് നിരോധിച്ചുകൊണ്ടുള്ള ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ)യുടെ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മാത്രയിൽത്തന്നെ പ്രസ്തുത മരുന്ന് വിപണിയിൽനിന്നും പിൻവലിക്കുന്നതിലേയ്ക്കായി ആയതിന്റെ വിശദാംശങ്ങൾ മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ഫാർമസിസ്റ്റുകൾ തുടങ്ങി ആരോഗ്യ മേഖലയിലുള്ളവർക്ക് എസ്.എം.എസ് സന്ദേശം അയയ്ക്കാറുണ്ട്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പത്രമാദ്ധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്താറുണ്ട്. കൂടാതെ വകുപ്പിൻകീഴിലുള്ള എല്ലാ ഓഫീസുകളിലേക്കും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പ്രസ്തുത മരുന്ന് വിപണിയിൽനിന്നും പിൻവലിച്ചതായി ഉറപ്പുവരുത്തുന്നതിലേയ്ക്കായും പ്രസ്തുത വിഷയത്തിൻമേൽ സ്വീകരിച്ച നടപടികൾ വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ക്രോഡീകരിച്ച് നിരോധിത മരുന്നുകൾ എല്ലാം തന്നെ വിപണിയിൽനിന്നും ദൂരീകരിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly